**പതിമൂന്നാം കേരള നിയമസഭ**
**ഒൻപതാം സമ്മേളനം**

നക്ഷത്രചിഹ്നമിടാത്ത ചോദ്യം നമ്പർ- 1809 — 17.06.2013-ൽ മറുപടിയ്ക്ക്

## ആത്മഹത്യകളുടെയും ആത്മഹത്യാശ്രമങ്ങളുടെയും കണക്കുകൾ

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. കെ രാധാകൃഷ്ണൻ<br>ശ്രീ. എം. ചന്ദ്രൻ<br>ശ്രീ. എ.എം. ആരീഫ്<br>ശ്രീ. സി.കെ. സദാശിവൻ | | ശ്രീ.തിരുവഞ്ചൂർ രാധാകൃഷ്ണൻ<br>(ആഭ്യന്തരവും വിജിലൻസും വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് ആത്മഹത്യകൾ വർദ്ധിച്ചുവരുന്ന സ്ഥിതിവിശേഷം പ്രത്യേകമായി വിലയിരുത്തിയിട്ടുണ്ടോ; | (എ), | സംസ്ഥാനത്ത് ആത്മഹത്യകൾ വർദ്ധിച്ചുവരുന്നതായി ശ്രദ്ധയിൽപ്പെട്ടിട്ടില്ല. |
| (ബി) | ആത്മഹത്യയ്ക്ക് മുഖ്യകാരണം എന്താണെന്ന് പരിശോധിക്കുകയുണ്ടായോ; വിശദമാക്കാമോ; | (ബി) | സാമ്പത്തിക പ്രശ്നങ്ങൾ, മാനസിക പ്രശ്നങ്ങൾ, കുടുംബ പ്രശ്നങ്ങൾ, രോഗങ്ങൾ, ജീവിതനൈരാശ്യം, മദ്യപാനം എന്നിവയാണ് ആത്മഹത്യയ്ക്ക് മുഖ്യ കാരണങ്ങൾ. |
| (സി) | കഴിഞ്ഞ രണ്ടു വർഷം നടന്ന ആത്മഹത്യകളുടെയും ആത്മഹത്യാശ്രമങ്ങളുടെയും കണക്കുകൾ ലഭ്യമാണോ; എങ്കിൽ സംസ്ഥാനത്ത് ഒരു ദിവസം ശരാശരി എത്ര പേർ ആത്മഹത്യ ചെയ്യുന്നു; ഏത് പ്രായത്തിലുള്ളവരുടേതാണ് ആത്മഹത്യകൾ ഏറെയും; വിശദമാക്കുമോ? | (സി) | കഴിഞ്ഞ 2 വർഷം ( 18.05. 2011 മുതൽ 17.05.2013 വരെ) 16631 പേർ ആത്മഹത്യ ചെയ്യുകയും 177 പേർ ആത്മഹത്യക്ക് ശ്രമിക്കുകയും ചെയ്തു. സംസ്ഥാനത്ത് ഒരു ദിവസം ശരാശരി 22.7 പേർ ആത്മഹത്യ ചെയ്യുന്നു. ആത്മഹത്യ ചെയ്യുന്നവരിലേറെയും 30 വയസിനും 50 വയസിനും ഇടയ്ക്കുള്ളവരാണ്. |

സെക്ഷൻ ഓഫീസർ